<u>**15 -ാം കേരള നിയമസഭ**</u>

<u>**13 -ാം സമ്മേളനം**</u>

<u>**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 110**</u> <u>**12-02-2025 - ൽ മറുപടിയ്ക്ക്**</u>

<u>**വയനാട് ജില്ലയിലെ പ്രതിസന്ധിയിലായ ടൂറിസം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ചൂരൽമല ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വയനാട് ജില്ലയിൽ പ്രതിസന്ധിയിലായ ടൂറിസം മേഖലയെ സംരക്ഷിക്കാനും പുരോഗതിയിലേക്ക് നയിക്കാനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | **ചൂരൽമലയി**ൽ ഉണ്ടായ പ്രകൃതി ദുരന്തത്തിനുശേഷം വിനോദസഞ്ചാര മേഖല പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാരികളെ ആകർഷിക്കാനും പ്രാദേശിക സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനുമായി ടൂറിസം വകുപ്പ് 'എന്റെ കേരളം എന്നും സുന്ദരം' എന്ന ക്യാമ്പയിൻ സംഘടിപ്പിച്ചു. ക്യാമ്പയിന്റെ ഭാഗമായി ദേശീയ - അന്തർദേശീയ തലത്തിലെ പ്രശസ്തരായ വ്ലോഗർമാരെ ഉപയോഗിച്ച് വയനാട്ടിലെ ടൂറിസം കേന്ദ്രങ്ങളെ പരിചയപ്പെടുത്തുന്ന പരിപാടി സംഘടിപ്പിച്ചു. 17/09/2024 ന് മാനന്തവാടിയിൽ വെച്ച് 30 - ൽ അധികം വ്ലോഗേഴ്സ് ഇതിനായി ഒത്തുകൂടി. വയനാടിന്റെ വിവിധ ഭാഗങ്ങൾ സുരക്ഷിതമാണെന്ന് ലോകത്തിന് മുന്നിൽ കാണിക്കുന്നതിന് വിവിധ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ടൂറിസം പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലാ ഭരണകൂടവും വിനോദസഞ്ചാര വകുപ്പും ചേർന്ന് എൻ ഊര്, കാരാപ്പുഴ, സുൽത്താൻ ബത്തേരി ടൗൺ സ്ക്വയർ എന്നിവിടങ്ങളിൽ ഒക്ടോബർ 2 മുതൽ 13 വരെ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. കൂടാതെ വിവിധ ടൂറിസം സംഘടനകളുടെ നേതൃത്വത്തിൽ വകുപ്പുമായി ചേർന്ന് ടൂറിസം തിരികെ പഴയ രീതിയിലേക്ക് തിരിച്ച് കൊണ്ടുവരുന്നതിന് പരിപാടികളും പ്രചരണ പ്രവർത്തനവും നടത്തി വരുന്നു. മലബാർ മേഖലയിലെ ടൂറിസം വികസനത്തിന് പുത്തൻ ഉണർവ് നൽകുന്നതിനായി 19-01-2025 ൽ കോഴിക്കോട് വെച്ച് ടൂറിസം വകുപ്പ് 'Gateway to Malabar' എന്ന പേരിൽ Tourism B2B Meet നടത്തിയിരുന്നു. വയനാടിന്റെ ടൂറിസം പ്രചരണത്തിന്റെ ഭാഗമായി ടൂറിസം സംഘടനകൾ |

| | | | |
|---|---|---|---|
| | | | മാനന്തവാടി കേന്ദ്രീകരിച്ച് Wayanad vibes എന്ന പേരിൽ മ്യൂസിക്കൽ പ്രോഗ്രാം ഫെബ്രുവരി 2025 ൽ നടത്തുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. കൂടാതെ, മാനന്തവാടി പ്രിയദർശിനി എസ്റ്റേറ്റിൽ വെച്ച് MountainTerrain Biking വിനോദസഞ്ചാര വകുപ്പ് 2025 മാർച്ച് അവസാനത്തോടുകൂടി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2024സെപ്റ്റംബർ മാസം കൊച്ചിയിൽ വെച്ച് നടത്തിയ കേരള ട്രാവൽ മാർട്ടിൽ വയനാട് ടൂറിസത്തിനായി പ്രത്യേകം പവലിയൻ സജ്ജീകരിച്ചിരുന്നു. പ്രമുഖ ചലച്ചിത്ര താരങ്ങളെ ഉപയോഗിച്ചും പ്രചരണ പ്രവർത്തനം നടത്തുന്നു. ശ്രീ. ടൊവിനോ തോമസ് വയനാട് ടൂറിസത്തിന്റെ പ്രോത്സാഹനത്തിനായി വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുകയും സമൂഹ മാധ്യമങ്ങൾ മുഖേന പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. സഞ്ചാരികളെ ആകർഷിക്കുന്ന തിനായി കുറുവ ദ്വീപിൽ കയാക്കിങ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഡി.ടി.പി.സിയുടെ പരിധിയിലുള്ള ചീങ്ങേരി മല കേന്ദ്രീകരിച്ച് ഇന്ത്യയിൽ ആദ്യമായി രാത്രികാല ട്രക്കിങ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരം സ്വീകരിച്ച നടപടികളിലൂടെ പ്രതിസന്ധിയിലായ ടൂറിസം മേഖലയെ സജീവമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (ബി) | **ഉണ്ട്. മേൽ നടപടികളിലൂടെ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധന ഉണ്ടാവുകയും ടൂറിസം കേന്ദ്രങ്ങൾ എല്ലാംതന്നെ തിരിച്ചുവരവിന്റെ പാതയിലുമാണ്. സ്വദേശികളും വിദേശികളുമായ നിരവധി വിനോദസഞ്ചാരികൾ ജില്ലയിലേക്ക് എത്തിച്ചേരുന്നുണ്ട്.** |
| (സി) | ടൂറിസം മേഖലകളിൽ ശാസ്ത്രീയമായ ദുരന്ത മുന്നറിയിപ്പുകൾ ജനങ്ങളിൽ എത്തിക്കാനും പ്രത്യേക സുരക്ഷ ഉറപ്പുവരുത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ജില്ലയിൽ ദുരന്തമുന്നറിയിപ്പുകൾ ജനങ്ങളിൽ എത്തിക്കാൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ജില്ലാ ഭരണകൂടവും വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. ഇത്തരം സുരക്ഷാമുന്നറിയിപ്പുകൾ വിനോദസഞ്ചാര മേഖലയിലെ സ്ഥാപനങ്ങൾക്കും കൃത്യമായി കൈമാറുന്നുണ്ട്. കണ്ണൂർ ജില്ലയിലെ ചില പഞ്ചായത്തുകളിൽ വിജയകരമായി നടപ്പിലാക്കി വരുന്ന മൊബൈൽ അലേർട്ട് സിസ്റ്റം വയനാട് ജില്ലയിലും തുടങ്ങുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിന് ഡി.ടി.പി.സി.യുടെ കീഴിലുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അടിയന്തര സാഹചര്യങ്ങളിൽ ഇടപെടുന്നതിനായി എമർജൻസി റെസ്പോൺസ് ടീമിനെ പ്രാദേശികമായി സജ്ജമാക്കിയിട്ടുണ്ട്. |
| (ഡി) | മലയോര ടൂറിസം മേഖലയെക്കുറിച്ച് പ്രത്യേക പഠനങ്ങൾ നടത്തുകയും അത്തരം മേഖലകൾ | (ഡി) | മലയോര മേഖലയിലെ ടൂറിസം വികസന പദ്ധതികൾക്ക് വകുപ്പ് മുൻതൂക്കം നൽകുന്നു. ഓരോ ഡെസ്റ്റിനേഷനും കേന്ദ്രീകരിച്ച് ആണ് വികസന |

| | | | |
|---|---|---|---|
| | വികസിപ്പിക്കാൻ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ? | | പദ്ധതികൾ തയ്യാറാക്കുന്നത്. ഡെസ്റ്റിനേഷനുകൾക്ക് വേണ്ടി പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കി പദ്ധതികൾ നടപ്പിലാക്കുന്നു. പദ്ധതികൾ ഡിസൈൻ പോളിസിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് നടപ്പിലാക്കുന്നത്. ഡെസ്റ്റിനേഷൻ ചലഞ്ച്, സ്ട്രീറ്റ് പദ്ധതി തുടങ്ങി വ്യത്യസ്ത പദ്ധതികളിലായി മലയോര മേഖലയിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ